എസ് ബി ഐ കാർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

1. ഫീസും ചാർജുകളും

A. ഫീസും പ്രവേശന ഫീസ്, വാർഷിക ഫീസ്, പുതുക്കൽഫീസ്

എസ് ബി ഐ ക്രഡിറ്റ് കാർഡിന് (എസ് ബി ഐ കാർഡ്) പ്രവേശന ഫീസ്, വാർഷിക ഫീസ്, പുതുക്കല് ഫീസ് എന്നിവ ബാധകമാണ്. ഈഫീസ് ഓരോ കാർഡ് ഉടമക്കും ഓരോ ഓഫറിലും വ്യത്യസ്തമാകാം. ഇക്കാര്യം ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുന്ന വേളയിൽകാർഡ് ഉടമയെ അറിയിക്കും. ബാധകമായ പ്രവേശന, വാർഷിക ഫീസ് കാർഡ് ഉടമയുടെ അക്കൌണ്ടിൽ നേരിട്ട് ചാർജ് ചെയ്യുകയും അത് ചാർജ് ചെയ്ത മാസത്തിലെ കാർഡ് സ്റ്റേറ്റ്മെന്റിൽ കാണിക്കുകയും ചെയ്യും. പ്രൈമറി കാർഡ് ഉടമ എടുക്കുന്ന അഡീഷനൽ കാർഡുകൾക്ക് പ്രത്യേക ഫീസ് ഉണ്ടായിരിക്കുന്നതാണ്.

B. കാഷ് അഡ്വാൻസ് ഫീസ്

കാർഡ് ഉടമക്ക് അടിയന്തരഘട്ടത്തിൽ ഇന്ത്യയിലുള്ള എടി എമ്മുകള്/ കാഷ്പോയന്റുകള് എന്നിവിടങ്ങളില് നിന്നും അല്ലെങ്കില് വിദേശത്തെ എടിഎമ്മുകളില് നിന്നും കാർഡ് ഉപയോഗിച്ച് പണം ലഭിക്കും. ആവിധം ലഭ്യമാകുന്ന പണത്തിന് ഒരു ട്രാൻസാക്ഷൻ ഫീ ചുമത്തുന്നതും, അത് അടുത്ത സ്റ്റേറ്റ്മെന്റിൽ ബിൽ ചെയ്യുന്നതുമാണ്. ഇന്ത്യയിലുള്ള എസ്ബിഐ എടിഎമ്മുകള്/ കാഷ്പോയന്റുകള് എന്നിവിടങ്ങളിൽ നിന്നും പണം എടുക്കുമ്പോള് 2.5% അഥവാ 300 രൂപ എന്നിവയിൽ ഏതാണോ അധികം ആ തുകയും ഇന്ത്യയിലെ മറ്റ് എടിഎമ്മുകളിൽനിന്നാണെങ്കിൽ 300 രൂപ അല്ലെങ്കിൽ 2.5% എന്നിവയില് ഏതാണോ അധികം ആ തുകയും വിദേശ എടിഎമ്മുകളിൽനിന്നാണെങ്കിൽ 3% അല്ലെങ്കിൽ 300 രൂപ എന്നിവയില് ഏതാണോ അധികം ആ തുകയും ട്രാൻസാക്ഷൻ ഫീ ഈടാക്കും. SBI Cards & Payment Services Private Limited (SBICPSL) ന്റെ വിവേചനാധികാരത്തിന് വിധേയമായി ട്രാൻസാക്ഷൻ ഫീയിൽമാറ്റം വരുത്താവുന്നതാണ്. എല്ലാ കാഷ് അഡ്വാൻസിനും പണം പിൻവലിച്ച തീയതി മുതൽ അത് തിരിച്ചടക്കുന്ന തീയതി വരെ സർവീസ് ചാർജും ചുമത്തുന്നതാണ്. നിലവിൽസർവീസ് ചാർജ് പ്രതിമാസം 3.35% (പ്രതിവർഷം 40.2%) ആണ്. (SBICPSL) ന്റെ വിവേചനാധികാരത്തിന് വിധേയമായി ഈ ചാർജിൽ മാറ്റം വരുത്താവുന്നതാണ്.

C. ഒ ടി സി ഫീസ്

കാർഡുടമക്ക് തെരഞ്ഞെടുത്ത എസ് ബി ഐ ബാങ്ക് ശാഖകളിലും എസ് ബി ഐ അസോസിയേറ്റ്സ് ബാങ്ക് ശാഖകളിലും നേരിട്ടു ചെന്ന് ഒരു പേ-ഇൻസ്ലിപ്പിൽ പേരും അക്കൌണ്ട് നമ്പറും എഴുതി എസ് ബി ഐ കാർഡിൽ അടക്കേണ്ടതായ തുകയോടൊപ്പം അതേ ശാഖയിലെ കൌണ്ടറിൽ അടക്കാവുന്നതാണ്. ബിൽതുക അടച്ചാൽതവണ തുക കൈപറ്റിയതിനുള്ള രസീത് നൽകുന്നതാണ്. ഈ സേവനം ലഭ്യമാക്കുന്നതിന് 100 രൂപ + ബാധകമായ എല്ലാ നികുതികളും ചുമത്തുന്നതാണ്.

D. ചാർജുകൾ

i. കാലാകാലങ്ങളിൽബാധകമായതും SBICPSL കാർഡുടമകൾക്ക് നൽകുന്ന നിശ്ചിത സേവനത്തിന് അല്ലെങ്കിൽകാർഡ് അക്കൌണ്ടുമായി ബന്ധപ്പെട്ട് കാർഡുടമക്ക് സംഭവിച്ച ചില വീഴ്ചകൾക്ക് കാർഡുടമ നൽകേണ്ടതുമായ തുകയാണ് ചാർജ്, ഫീസ് എന്നിവ.

ii.കാർഡുടമകളെ അറിയിച്ചു കൊണ്ട് കാലാകാലങ്ങളിൽ ഉചിതമെന്നു തോന്നുന്ന വിധത്തിൽചാർജുകളിലോ ഫീസിലോ മാറ്റം വരുത്തുന്നതിനോ എന്തെങ്കിലും പുതിയ ചാർജുകളോ ഫീസോ ഏർപ്പെടുത്തുന്നതിനോ SBICPSL ന് അധികാരമുണ്ടായിരിക്കുന്നതാണ്.

E. പലിശയില്ലാത്ത ഗ്രേസ് പീരീഡ്

പലിശയില്ലാത്ത ഗ്രേസ് പീരീഡ് വ്യാപാരികൾ സമർപ്പിക്കുന്ന ക്ലെയിമുകൾക്ക് വിധേയമായി 20 മുതൽ 50 ദിവസം വരെയായിരിക്കും. എന്നാൽകാർഡുടമ മുൻമാസത്തെ ബാക്കി തുക

മുഴുവനായി അടച്ചു തീർക്കാതിരിക്കുകയോ അല്ലെങ്കിൽ എ ടി എം/കാഷ് പോയന്റ് വഴി പണം എടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇത് ബാധകമാകുകയില്ല.

F. ഫൈനാൻസ് ചാർജുകൾ (സർവീസ് ചാർജുകൾ)

കാർഡുടമ തന്റെ അക്കൌണ്ടിലെ ബാക്കി തുക പൂർണമായി അടയ്ക്കാതിരിക്കുകയാണെങ്കിൽ ആ തുകയ്ക്കും കാർഡുടമ എടുക്കുന്ന എല്ലാ കാഷ് അഡ്വാൻസുകൾക്കും അടക്കം എല്ലാ ട്രാൻസാക്ഷനും അവ തിരിച്ചടയ്ക്കുന്നതുവരെ ട്രാൻസാക്ഷൻ തീയതി മുതൽപ്രതിമാസ ശതമാന നിരക്കിൽഫൈനാൻസ് ചാർജുകൾനൽകേണ്ടതാണ്. കാർഡ് പലിശനിരക്ക് മാറിക്കൊണ്ടിരിക്കും. കാഡുടമയുടെ ഉപയോഗവും പണമടയ്ക്കൽതീയതിയും അനുസരിച്ച് അത് കാലാകാലങ്ങളിൽ അവലോകനത്തിന് വിധേയമായിരിക്കും. ട്രാൻസാക്ഷൻതീയതി മുതൽചുമത്തപ്പെടുന്ന ഫൈനാൻസ് ചാർജുകളുടെ നിരക്ക് ഏറ്റവും കൂടിയത് പ്രതിമാസം 3.35% വരെ [പ്രതിവർഷം 40.2%] ആയിരിക്കും. ഫൈനാൻസ് ചാർജുകൾനൽകേണ്ടതുണ്ടെങ്കിൽ അത് സേവന നികുതികൾചുമത്തുന്നതിന് വിധേയമായിരിക്കുകയും കാർഡിൽബാക്കി നൽകാനുള്ള തുക പൂർണമായി അടച്ചു തീർക്കുന്നതുവരെ കാർഡുടമയുടെ അക്കൌണ്ടിൽ ഉൾക്കൊള്ളിക്കുന്നതും ആയിരിക്കും.

കാഷ് അഡ്വാൻസുകളുടെ ഫൈനാൻസ് ചാർജുകൾട്രാൻസാക്ഷൻ തീയതി മുതൽ അത് പൂർണമായി അടച്ചു തീർക്കുന്നതുവരെ ബാധകമായിരിക്കും

ഉദാഹരണം 1- കാർഡ് സ്റ്റേറ്റ്മെന്റ് തീയതി- എല്ലാ മാസവും 15ന്

2015 ജൂണിനും 16 - 2015 ജൂലായ് 15നും ഇടയിൽ നടത്തിയ ട്രാൻസാക്ഷൻ

1. 5,000 രൂപ റീടെയ്ൽപർ ചേയ്സ്- 2015 ജൂൺ 20

2. 7,000 കാഷ് പിൻവലിക്കൽ 2015 ജൂലായ് 10

2015 ജൂൺ 15-ന്റെ സ്റ്റേറ്റ്മെന്റ് മുതൽമുൻബാക്കിയൊന്നും അക്കൌണ്ടിൽചേർക്കപ്പെടുന്നില്ലെന്ന് കരുതിയാൽജൂലായ് 15ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ 12,000 രൂപയുടെ ട്രാൻസാക്ഷനുകളും 7000 കാഷ് പിൻവലിച്ചതിന് ബാധകമായ 5 ദിവസത്തെ ഫൈനാൻസ് ചാർജും കാണിച്ചിരിക്കും. ഈ തുക മുഴുവനുമായോ അടക്കേണ്ടതായ ഏറ്റവും കുറഞ്ഞ തുകയോ 2015 ആഗസ്റ്റ് 5ന് അകം, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതൽ 20 ദിവസത്തിനകം കാർഡുടമ അടയ്ക്കേണ്ടതാണ്. ക്രെഡിറ്റ് കാർഡ് കുടിശ്ശികയിലേക്ക് അടയ്ക്കുന്ന തുക ആദ്യം ഇഎംഐ ബാക്കി ഉണ്ടെങ്കിൽ അതിലേക്കും തുടർന്ന് ബാലൻസ് ട്രാൻസ്ഫർബാക്കിയുണ്ടെങ്കിൽ അതിലേക്കും റീടെയ്ൽബാക്കിയുണ്ടെങ്കിൽ അതിലേക്കും ഒടുവിൽ കാഷ് ബാക്കിയുണ്ടെങ്കിൽ അതിലേക്കും വകകൊള്ളിക്കുന്നു. തൊട്ടുമുമ്പുള്ള സ്റ്റേറ്റ്മെന്റ് തീയതി മുതൽക്കാണ് ഫൈനാൻസ് ചാർജുകൾചുമത്തുന്നത്. എന്നാൽപലിശ ചുമത്താത്ത റീടെയ്ൽ ബാക്കിയുടെ കുടിശ്ശികക്ക് ട്രാൻസാക്ഷൻ തീയതി മുതൽക്ക് ഫൈനാൻസ് ചാർജ് ചുമത്തുന്നതാണ്.

സ്റ്റേറ്റ്മെന്റ് കുടിശ്ശികയിൽകാഷ് ബാക്കി ഇല്ലാതിരിക്കുകയും മുൻസ്റ്റേറ്റ് മെന്റിലെ ബാക്കിയൊന്നും പുതിയതിലേക്ക് മാറ്റാതിരിക്കുകയും സ്റ്റേറ്റ്മെന്റിലെ റീടെയ്ൽബാക്കി കുടിശ്ശിക പൂർണമായും നിശ്ചിത പേമെന്റ് തീയതിക്കുള്ളിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരം ബാക്കികളിൽയാതൊരു ഫൈനാൻസ് ചാർജുകളും ചുമത്തുകയില്ല.

ഉദാഹരണം 2- കാർഡ് സ്റ്റേറ്റ്മെന്റ് തീയതി- എല്ലാസമാവും 2ന്

2015 ജനുവരി 3 നും ഫെബ്രുവരി 2 നും ഇടയിൽ നടത്തിയ ട്രാൻസാക്ഷൻ

1. 10,000 രൂപ റീടെയ്ൽ പറ്ചേസ്- 2015 ജനുവരി 5

2. 30,000 ഓൺലൈൻ പറ്ചേസ്- 2015 ജനുവരി 15

2015 ജനുവരി 2-ന്റെ സ്റ്റേറ്റ്മെന്റ് മുതല് മുൻബാക്കിയൊന്നും അക്കൗണ്ടിൽ ചേർക്കപ്പെടുന്നില്ലെന്ന് കരുതിയാൽ ഫെബ്രുവരി 2ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ 40,000 രൂപയുടെ ട്രാന്സാക്ഷനുകള്കാണിച്ചിരിക്കും. ഈ തുക മുഴുവനുമായോ അടക്കേണ്ടതായ ഏറ്റവും കുറഞ്ഞതുകയോ 2015 ഫെബ്രുവരി 22ന് അകം, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതൽ ദിവസത്തിനകം കാർഡുടമ അടയ്ക്കേണ്ടതാണ്. ക്രെഡിറ്റ് കാർഡ് കുടിശ്ശികയിലേക്ക് അടയ്ക്കുന്ന തുക ആദ്യം ഇഎംഐ ബാക്കി ഉണ്ടെങ്കിൽ അതിലേക്കും തുടർന്ന് ബാലൻസ് ട്രാൻസ്ഫർ ബാക്കിയുണ്ടെങ്കിൽ അതിലേക്കും റീടെയ്ൽ ബാക്കിയുണ്ടെങ്കിൽ അതിലേക്കും ഒടുവിൽ കാഷ് ബാക്കിയുണ്ടെങ്കിൽ അതിലേക്കും വകകൊള്ളിക്കുന്നു. തൊട്ടുമുമ്പുള്ള സ്റ്റേറ്റ്മെന്റ് തീയതി മുതല്ക്കാണ് ഫൈനാൻസ് ചാർജുകള് ചുമത്തുന്നത്. എന്നാൽ പലിശ ചുമത്താത്ത റീടെയ്ൽ ബാക്കിയുടെ കുടിശ്ശിക ട്രാൻസാക്ഷൻ തീയതി മുതൽക്ക് ഫൈനാൻസ് ചാർജ് ചുമത്തുന്നതാണ്.

സ്റ്റേറ്റ്മെന്റ് കുടിശ്ശികയിൽ കാഷ് ബാക്കി ഇല്ലാതിരിക്കുകയും മുൻ സ്റ്റേറ്റ്മെന്റിലെ ബാക്കിയൊന്നും പുതിയതിലേക്ക് മാറ്റാതിരിക്കുകയും സ്റ്റേറ്റ്മെന്റിലെ റീടെയ്ൽ ബാക്കി കുടിശ്ശിക പൂർണമായും നിശ്ചിത പേമെന്റ് തീയതിക്കുള്ളിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരം ബാക്കികളിൽ യാതൊരു ഫൈനാൻസ് ചാർജുകളും ചുമത്തുകയില്ല

അടയ്ക്കേണ്ടതായ ഏറ്റവും കുറഞ്ഞതുകയാണ് എല്ലാമാസവും അടയ്ക്കുന്നതെങ്കിൽതിരിച്ചടവ് വർഷങ്ങളോളം നീണ്ടു നിൽക്കുകയും ബാക്കി കുടിശ്ശികയിൽപലിശ ചുമത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഉദാഹരണത്തിന്, 5000 രൂപയുടെ ഒരു ട്രാൻസാക്ഷൻ നടത്തിയശേഷം മിനിമം തുകയാണ് എല്ലാമാസവും അടയ്ക്കുന്നതെങ്കിൽ (അതായത് എല്ലാമാസവും മിനിമം തുകയായ 200രൂപ) മുഴുവന് കുടിശ്ശിക തുകയും പൂർണമായി അടച്ചു തീർക്കാൻ മാസങ്ങൾ എടുക്കും.

ഉദാഹരണം 3-

കാർഡ് സ്റ്റേറ്റ്മെന്റ് തീയതി- എല്ലാമാസവും 2 ന്

2015 മാർച്ച് 3നും ഏപ്രിൽ 2നും ഇടയിൽനടത്തിയ ട്രാൻസാക്ഷൻ

1. റീടെയ്ൽപറ്ചേസ് 5000 രൂപ- 2015 മാർച്ച് 5 ന്

2. ഓൺലൈൻപറ്ചേസ് 6000 രൂപ- 2015 മാർച്ച് 15 ന്

2015 മാർച്ച് 2-ന്റെ സ്റ്റേറ്റ്മെന്റ് മുതൽ മുൻബാക്കിയൊന്നും അക്കൗണ്ടിൽ ചേർക്കപ്പെടുന്നില്ലെന്ന് കരുതിയാൽ ഏപ്രിൽ 2ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ 11,000 രൂപയുടെ ട്രാൻസാക്ഷനുകള് കാണിച്ചിരിക്കും. ഈ തുക മുഴുവനുമായോ അടക്കേണ്ടതായ ഏറ്റവും കുറഞ്ഞതുകയോ 2015 ഏപ്രിലിന് അകം, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതല് 20 ദിവസത്തിനകം കാർഡുടമ അടയ്ക്കേണ്ടതാണ്.

അടയ്ക്കേണ്ട മിനിമം തുകയായ 550 രൂപ (മൊത്തം കുടിശ്ശികയുടെ 5%) കാർഡുടമ 2015 ഏപ്രിൽ 2ന് അടയ്ക്കുകയാണെന്ന് കരുതുക. എങ്കിൽബാധകമായ നിരക്കിൽഫൈനാൻസ് ചാർജ് ചുമത്തപ്പെട്ട തുകയും അത് മൊത്തം കുടിശ്ശികയോടൊപ്പം ചേർക്കുകയും ചെയ്യുന്നു. ബാധകമായ പ്രതിമാസ നിരക്ക് 3.35% ആണെങ്കിൽഫൈനാൻസ് ചാർജ് കണക്കാക്കുന്നത് താഴെ കൊടുക്കും വിധമായിരിക്കും:

ബാക്കി തുകയായ 5000 രൂപക്ക് (മാർച്ച് 5 മുതൽ ഏപ്രിൽ 22 വരെ) 49 ദിവസത്തേക്ക്:
(3.35*12)*(49/365)*5000/100= 269.83രൂപ

ബാക്കിതുകയായ 6000 രൂപക്ക് (മാർച്ച് 15 മുതൽ ഏപ്രിൽ 22 വരെ) 39 ദിവസത്തേക്ക്:

(3.35*12)*(39/365)*6000/100=257.72 രൂപ

ബാക്കി തുകയായ 10450 രൂപക്ക് (ഏപ്രിൽ 22 മുതൽമേയ് 2 വരെ) 10 ദിവസത്തേക്ക്:

(3.35*12)*(10/365)*10450/100= 115.09രൂപ

ആകെ ചാർജ് ചെയ്ത പലിശ= 642.64 രൂപ

കാർഡുടമ 2015 ഏപ്രിൽ 3നും മേയ് 2നും ഇടക്ക് ഇടപാടുകൾ ഒന്നും നടത്തിയിട്ടില്ലെന്ന് കരുതിയാൽകുടിശ്ശികയായ പറ്ചേസ് തുക, പലിശ ചാർജുകൾ, ഫീസും ചാർജുകളും ഉണ്ടെങ്കിൽ അവയും ബാധകമായ എല്ലാ നികുതികളും അടക്കമുള്ള മൊത്തം തുകയാണ് മേയ് 2 ന്റെ സ്റ്റേറ്റ്മെന്റിൽപ്രതിഫലിച്ചു കാണുക.

കാർഡുടമ എല്ലാമാസവും പലിശയോടു കൂടിയ മിനിമം തുകയാണ് (5%) അടയ്ക്കുന്നതെങ്കിൽകുടിശ്ശിക മൊത്തം അടച്ചു തീർക്കാൻ 20 മാസം (100%/ 5% - 20) എടുക്കും.

G. നിശ്ചിത പേമെന്റ് തീയതിക്ക് മിനിമം തുക അടച്ചില്ലെങ്കിൽലേറ്റ് പേമെന്റ് ചാർജുകൾബാധകമായിരിക്കും.

0 രൂപ മുതല് .200 രൂപ വരെ ചാർജുകള് ഇല്ല.

മൊത്തം അടക്കേണ്ട തുക 200 രൂപയിൽ അധികവും 500 വരേയുമാണെങ്കിൽ രൂപ;
മൊത്തം അടക്കേണ്ട തുക 500 രൂപയിൽ അധികവും 1000 വരേയുമാണെങ്കിൽ 200 രൂപ;
മൊത്തം അടക്കേണ്ട തുക 1000 രൂപയിൽ അധികവും 10000 വരേയുമാണെങ്കിൽ 500 രൂപ;
മൊത്തം അടക്കേണ്ട തുക 10,000 രൂപയിൽ അധികമാണെങ്കിൽ 750രൂപ;

ഉദാഹരണം 1-

കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - എല്ലാമാസവും 2 ന്

2015 ജനുവരി 3 നും ഫെബ്രുവരി 2 നും ഇടയിൽ നടത്തിയ ട്രാൻസാക്ഷൻ

1. റീടെയ്ൽ പറ്ചേയ് 5000 രൂപ - 2015 ജനുവരി 5 ന്
2. ഓണ്ലൈൻ പര്ചേസ് 5000 രൂപ - 2015 ജനുവരി 15ന്

2015 ജനുവരി 2-ന്റെ സ്റ്റേറ്റ്മെന്റ് മുതൽ മുൻ ബാക്കിയൊന്നും അക്കൌണ്ടിൽ ചേർക്കപ്പെടുന്നില്ലെന്ന് കരുതിയാൽ ഫെബ്രുവരി 2ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ 10,000 രൂപയുടെ ട്രാൻസാക്ഷനുകള് കാണിച്ചിരിക്കും. ഈ തുക മുഴുവനുമായോ അടക്കേണ്ടതായ ഏറ്റവും കുറഞ്ഞതുകയോ 2015 ഫെബ്രുവരി 22ന് അകം, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതൽ 20 ദിവസത്തിനകം കാർഡുടമ അടയ്ക്കേണ്ടതാണ്.

കാർഡുടമ 2015 ഫെബ്രുവരി 22 നുള്ളിൽപണം അടയ്ക്കുന്നില്ലെങ്കിൽ 500 രൂപ ലേറ്റ് പേമെന്റ് ചാർജ് (1000 രൂപയിൽ അധികവും 10000 വരേയുമാണെങ്കിൽ 500 രൂപ) ചുമത്തുന്നതാണ്.

ഉദാഹരണം 2-

കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - എല്ലാ മാസവും 2 ന്

2015 ഫെബ്രുവരി 3 നും മാർച്ച് 2 നും ഇടയിൽ നടത്തിയ ട്രാൻസാക്ഷൻ

1. റീടെയ്ൽ പര്േചസ് 2000 രൂപ - 2015 ഫെബ്രുവരി 8 ന്
2. ഓണ് ലൈൻ പര്േചസ് 2500 രൂപ - 2015 ഫെബ്രുവരി 19 ന്

2015 ഫെബ്രുവരി 2-ന്റെ സ്റ്റേറ്റ്മെന്റ് മുതൽ മുൻബാക്കിയൊന്നും അക്കൌണ്ടിൽ ചേർക്കപ്പെടുന്നില്ലെന്ന് കരുതിയാൽ മാർച്ച് 2ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ 4500 രൂപയുടെ ട്രാൻസാക്ഷനുകള് കാണിച്ചിരിക്കും. ഈ തുക മുഴുവനുമായോ അടക്കേണ്ടതായ ഏറ്റവും കുറഞ്ഞ തുകയോ 2015 മാർച്ച് 22ന് അകം, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതൽ 20 ദിവസത്തിനകം കാർഡുടമ അടയ്ക്കേണ്ടതാണ്.

കാർഡുടമ 2015 മാർച്ച് 22നുള്ളിൽ പണം അടയ്ക്കുന്നില്ലെങ്കിൽ രൂപ ലേറ്റ് പേമെന്റ് ചാർജ് (1000 രൂപയിൽ അധികവും 10000 വരേയുമാണെങ്കിൽ 500 രൂപ) ചുമത്തുന്നതാണ്.

H. ഓവർലിമിറ്റ് ചാർജുകൾ ഒരു സേവന സൂചന എന്ന നിലക്ക് കാർഡുടമ നടത്തുന്ന ക്രെഡിറ്റ് പരിധിക്ക് മുകളിലുള്ള ചില ഇടപാടുകൾ എസ് ബി ഐ കാർഡ് അംഗീകരിച്ചേക്കാം. എന്നാൽ ക്രെഡിറ്റ് പരിധിക്ക് മുകളിലുള്ള കുടിശ്ശിക തുകക്ക് അധികമുള്ള തുകയുടെ 2.5% അല്ലെങ്കിൽ 500 രൂപ, ഇവയിൽ ഏതാണോ അധികമെങ്കിൽ അത് ഓവർലിമിറ്റ് ഫീ ചുമത്തുന്നതാണ് എന്ന് ദയവായി ശ്രദ്ധിക്കുക. ഫീസോ പലിശ ചാർജുകളോ രണ്ടും കൂടിയോ ചുമത്തുമ്പോഴും ഓവർലിമിറ്റ് നില സംഭവിക്കാം.

I. പണമടക്കുന്നത് ചെക്ക് ആയിട്ടാണെങ്കിൽചെക്ക് തുകയുടെ 2% (കുറഞ്ഞത് 350 രൂപയും കൂടിയത് 500 രൂപയും) ചാർജ് ഈടാക്കുന്നതാണ്.

J. മറ്റ് ചാർജുകൾ:

- ഇൻവാലിഡ് ചെക്ക് ഫീ: ചെക്ക് തുകയുടെ 2% കുറഞ്ഞത് 350 രൂപയും കൂടിയത് 500 രൂപയും എന്ന വ്യവസ്ഥക്ക് വിധേയമായി
- റീപ്ലേസ്മെന്റ് കാർഡ് ഫീ: 100 രൂപ.
- ചാർജർസ്ലിപർറിട്രീവൽഫീ: 225 രൂപ
- ചെക്ക് പിക്ക് അപ് ഫീ: 90 രൂപ
- സ്റ്റേറ്റ്മെന്റ് റിട്രീവൽഫീ: 2 മാസത്തിലധികം പഴക്കമുള്ള സ്റ്റേറ്റ്മെന്റ് ഓരോന്നിനും 100 രൂപ വീതം.
- വിദേശ കറൻസി ട്രാൻസാക്ഷൻ ഫീ: 3.5%

വിദേശ കറൻസി ഇടപാട് ഇന്ത്യൻ രൂപയിലേക്ക് മാറ്റാൻ ഉപയോഗിക്കുന്ന വിനിമയ നിരക്ക് തീരുമാനിക്കുന്നത് വിസ / മാസ്റ്റർകാർഡ്, എസ്ബിഐ കാർഡ് ഉപയോഗിച്ച് ഇടപാട് തീർത്ത ദിവസത്തെ (ഇത് ഇടപാട് നടന്ന അതേ ദിവസം തന്നെ ആയിരിക്കണമെന്നില്ല) അവർനിശ്ചയിക്കുന്ന വിനിമയ നിരക്ക് അടിസ്ഥാന മാക്കി ആയിരിക്കും. വിസ/ മാസ്റ്റർകാർഡ് പങ്കിട്ട ഇന്ത്യൻരൂപയിലേക്ക് മാറ്റപ്പെട്ട തുകയ്ക്ക് 3.5% ഫോഇൻകറൻസി ട്രാൻസാക്ഷൻ ഫീ ബാധകമായിരിക്കും.

2. പരിധികൾ

SBICPSL ന്റെ ആഭ്യന്തര ക്രെഡിറ്റ് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് കാർഡുടമയുടെ ക്രെഡിറ്റ് പരിധിയും കാഷ് പരിധിയും നിശ്ചയിക്കുന്നത് (പ്രൈമറി കാർഡുടമയുടെ അതേ പരിധികൾതന്നെയാണ് ആഡ്-ഓൺകാർഡുടമകളും പങ്കുവെക്കുന്നത്). കാർഡ് നൽകുന്ന

സമയത്ത് ഈ പരിധികൾകാർഡുടമയെ അറിയിച്ചിരിക്കും. ഓരോ സ്റ്റേറ്റ്മെന്റിലും ക്രെഡിറ്റ് പരിധിയും കാഷ് പരിധിയും കാണിച്ചിരിക്കും. സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി സ്റ്റേറ്റ്മെന്റ് ജനറേറ്റ് ചെയ്യുന്ന സമയത്തെ ലഭ്യമായ ക്രെഡിറ്റ് പരിധി (അതായത് ഉപയോക്കിക്കാൻബാക്കിയുള്ള ക്രെഡിറ്റ് പരിധി) നൽകിയിരിക്കും. SBICPSL ന് നിശ്ചിത കാലയളവുകളിൽ കാർഡുടമയുടെ അക്കൌണ്ട് അവലോകനം ചെയ്യുകയും ആഭ്യന്തര മാനദണ്ഡങ്ങൾക്കനുസൃതമായി ക്രെഡിറ്റ് ലിമിറ്റ് കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതുമാണ്. ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന കാർഡുടമകൾക്ക് അവരുടെ വരുമാനം വ്യക്തമാക്കുന്ന സാമ്പത്തിക രേഖകൾസമർപ്പിച്ചുകൊണ്ട് അതിനായി SBICPSL ന് രേഖാമൂലം അഭ്യർത്ഥിക്കാവുന്നതാണ്. അങ്ങിനെ സമർപ്പിക്കപ്പെടുന്ന പുതിയ രേഖകളുടെ അടിസ്ഥാനത്തിൽ SBICPSL ന് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് കാർഡുടമയുടെ ക്രെഡിറ്റ് പരിധി ഉയർത്താവുന്നതാണ്.

3. ബില്ലിംഗും സ്റ്റേറ്റ്മെന്റും

a. SBICPSL എല്ലാ മാസവും കാർഡുടമക്ക് തൊട്ടുമുമ്പുള്ള സ്റ്റേറ്റ്മെന്റിനുശേഷം കാർഡുടമയുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതും ഡെബിറ്റ് ചെയ്തതുമായ എല്ലാ ഇടപാടുകളുടേയും കണക്കുകൾകാണിക്കുന്ന ഒരു പ്രതിമാസ സ്റ്റേറ്റ്മെന്റ്, പ്രസ്തുത കാലയളവിൽകാർഡ് സജീവമാണെങ്കിൽ അയച്ചുകൊടുക്കുന്നതാണ്. ഈ ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് മുൻകൂർനിശ്ചയിച്ച ഒരു തീയതിക്ക് SBICPSL ഒന്നുകിൽ അതിന്റെ റിക്കാർഡിലുള്ള കാർഡുടമയുടെ മേൽ വിലാസത്തിൽ അയച്ചുകൊടുക്കുന്നതോ അല്ലെങ്കിൽ റിക്കാർഡിലുള്ള ഈമെയിൽ ഐഡിയിലേക്ക് ഈമെയിൽ ചെയ്യുന്നതോ ആയിരിക്കും.

b. ക്രെഡിറ്റ് കാർഡുകൾകാർഡുടമക്ക് ഒരു ചാക്രിക ക്രെഡിറ്റ് സൌകര്യമാണ് നൽകുന്നത്. കാർഡുടമക്ക് സ്റ്റേറ്റ്മെന്റിൽപ്രിന്റ് ചെയ്തിരിക്കുന്ന മിനിമം തുക അതിൽത്തന്നെ പ്രിന്റ് ചെയ്തിരിക്കുന്ന പണമടയ്ക്കാനുള്ള കാലാവധി തീയതിക്കുമുമ്പ് അടയ്ക്കാവുന്നതാണ്. ബാക്കി കുടിശ്ശിക തുടർന്നുവരുന്ന സ്റ്റേറ്റ്മെന്റുകളിൽചേർക്കുന്നതു മായിരിക്കും. കാർഡുടമക്ക് അടയ്ക്കാനുള്ള മൊത്തം തുകയോ അതിനുതാഴെ മിനിമം തുകയ്ക്ക് മുകളിലുള്ള ഏതുതുകയുമോ അടയ്ക്കാവുന്നതാണ്. മുൻസ്റ്റേറ്റ്മെന്റുകൾപ്രകാരമുള്ള മിനിമം തുക അടച്ചിട്ടില്ലെങ്കിൽ ആയത് കാർഡുടമ നിലവിൽ അടക്കേണ്ടതായ മിനിമം തുകയോടൊപ്പം കാർഡുടമയുടെ ക്രെഡിറ്റ് പരിധിയിൽ അധികം വരുന്ന കുടിശ്ശികക്കു പുറമേ ചേർക്കുന്നതാണ്.

അടയ്ക്കേണ്ടതായ മിനിമം തുക (എം എ ഡി) എന്നത് മൊത്തം കുടിശ്ശികയുടെ 5% അല്ലെങ്കിൽ 200 രൂപയും (ഏതാണോ അധികമെങ്കിൽ അത്) ബാധകമായ എല്ലാ നികുതികളും ഇഎംഐ യും (ഇഎംഐ ആയി ഉൽപന്നങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിൽ മാത്രം) അടങ്ങുന്നതായിരിക്കും. കാഷ് അല്ലെങ്കിൽ ക്രെഡിറ്റ് പരിധി മറികടന്നിട്ടുണ്ടെങ്കിൽ ഓവർലിമിറ്റ് (ഒ വി എൽ) തുക എം എ ഡി-ൽ ഉൾപ്പെടുത്തിയിരിക്കും. മുൻസ്റ്റേറ്റ്മെന്റുകളിലെ എം എ ഡി അടച്ചിട്ടില്ലെങ്കിൽ അതും നിലവിലെ എം എ ഡി യിൽ ഉൾപ്പെടുത്തിയിരിക്കും.

c. കാർഡിലെ കുടിശ്ശികയിലേക്ക് അടച്ചതുക അടുത്ത സ്റ്റേറ്റ്മെന്റിൽ വരവ് കാണിച്ചിരിക്കും.

d. കാർഡുടമയുടെ കാർഡ് കുടിശ്ശികയിലേക്ക് അടയ്ക്കുന്ന തുക യഥാക്രമം എല്ലാ എം എ ഡി കളും (എല്ലാ ബാധകമായ നികുതികളും ലോൺപ്ലാനുകളുടെ ഇഎംഐയും മൊത്തം കുടിശ്ശികയുടെ 5% അടക്കം), ഫീസും മറ്റ് ചാർജുകളും, പലിശ ചാർജുകൾ, ബാലൻസ് ട്രാൻസ്ഫർകുടിശ്ശിക, പറ്ചേസ് കുടിശ്ശിക, കാഷ് അഡ്വാൻസ് എന്നിവയിലേക്ക് വരവ് വയ്ക്കും.

e. കാർഡ് അക്കൌണ്ടിലേക്ക് താഴെ കൊടുത്ത ഏതെങ്കിലും ഒരു രീതിയിൽപണം അടയ്ക്കാവുന്നതാണ്:

സ്റ്റേറ്റ്മെന്റിന്റെ മറുപുറത്ത് നൽകിയ വിലാസത്തിൽചെക്കായോ ഡ്രാഫ്റ്റായോ അയച്ചുകൊടുക്കാവുന്നതാണ്

നിങ്ങളുടെ നഗരത്തിലോ നിർദ്ദിഷ്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖകളിലോ സ്ഥാപിച്ചിട്ടുള്ള എസ് ബി ഐ കാർഡ് ഡ്രോപ് ബോക്സുകളിൽചെക്ക് അല്ലെങ്കിൽ ഡ്രാഫ്റ്റ് നിക്ഷേപിക്കാവുന്നതാണ്.

ചെക്ക്/ ഡ്രാഫ്റ്റ് "എസ് ബി ഐ കാർഡ് നമ്പർ xxxxxxxxxxxxxxxx"–ൽമാറ്റാവുന്നതായിരിണം.

ECS: പ്രധാന നഗരങ്ങളിൽ ഇലക്ട്രോണിക് ക്ലിയറിംഗ് സിസ്റ്റം (ഇ സി എസ്) മുഖേനയും പണം അടയ്ക്കാവുന്നതാണ്.

f. ബിൽ കുടിശ്ശിക അടയ്ക്കാനുള്ള വിവിധ മാർഗങ്ങൾ എസ് ബി ഐ കാർഡ് നൽകുന്നുണ്ട്. അതിന്റെ വിവരങ്ങൾ പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ പുറകിലും എസ് ബി ഐ കാർഡ് വെബ്സൈറ്റിലും കൊടുത്തിട്ടുണ്ട്.

g. ബില്ലിംഗ് സംബന്ധിച്ച തർക്കങ്ങൾ: സ്റ്റേറ്റ്മെന്റിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ സ്റ്റേറ്റ്മെന്റ് തീയതിക്ക് 30 ദിവസത്തിനുള്ളിൽ കാർഡുടമ SBICPSL നെ അറിയിക്കുകയും ആ പൊരുത്തക്കേടുകൾ ശരിയാണെന്ന് SBICPSL ന് ബോധ്യപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ സ്റ്റേറ്റുമെന്റിലെ ഉള്ളടക്കം ശരിയാണെന്നും അത് കാർഡുടമ അംഗീകരിച്ചുവെന്നും കണക്കാക്കുന്നതായിരിക്കും. അത്തരം പൊരുത്തക്കേടുകൾ സംബന്ധിച്ച വിവരം ലഭിച്ചു കഴിഞ്ഞാൽ SBICPSL താൽക്കാലികാടിസ്ഥാനത്തിൽ ആ ചാർജുകൾ തിരിച്ചെടുക്കും. തുടർന്ന് അതുസംബന്ധിച്ച അന്വേഷണം പൂർത്തിയായാൽ അത്തരം ചാർജുകളുടെ ബാധ്യതകൾ കാർഡുടമയുടെ അക്കൗണ്ടിൽത്തന്നെ ചേർക്കേണ്ടതാണെങ്കിൽ അടുത്ത സ്റ്റേറ്റ്മെന്റിൽ ആ ചാർജുകൾ പുനഃസ്ഥാപിക്കുകയും ചാർജ് സ്ലിപ് ഒന്നിന് 225 രൂപ ചാർജ് സ്ലിപ് റിട്രീവൽചാർജായി ഈടാക്കുകയും ചെയ്യും.

h. കസ്റ്റമർപരാതി പരിഹാരം: എല്ലാ പരാതികളും നോഡൽ ഓഫീസർ, പിഒ ബാഗ് 28 - ജിപിഒ, ന്യൂ ഡൽഹി - 110001 എന്ന വിലാസത്തിൽ അയക്കുകയോ Nodalofficer@sbicard.com -ഈമെയിൽ ചെയ്യുകയോ ചെയ്യാം.

i) ബന്ധപ്പെടാനുള്ള വിവരങ്ങൾ:

എല്ലാ ഫോണുകളിൽനിന്നും: 39 02 02 02 (മൊബൈലിൽനിന്ന് വിളിക്കുമ്പോൾ മുന്നിൽ നിങ്ങളുടെ സ്ഥലത്തിന്റെ എസ് ടി ഡി കോഡ് ചേർക്കുക)

ബിഎസ്എന്എൽ/എംടിഎന്എൽ -നിന്ന്: 1800 180 1295

കത്തിടപാടുകൾ: മെയിലിൽ അയക്കാൻ:

മാനേജർ, കസ്റ്റമർ സർവീസസ്, SBI Cards & Payment Services Pvt. Ltd. ഡി എല് എഫ് ഇൻഫിനിറ്റി ടവേഴ്സ്, ടവർസി, ഫ്ലോർ 12, ബ്ലോക്ക് 2, ബിൽഡിംഗ് 3, ഡി എല് എഫ് സൈബർസിറ്റി, ഗുഡ്ഗാവ്- 122002 (ഹരിയാന), ഇന്ത്യ, www.sbicard.com അല്ലെങ്കിൽ പിഒ ബാഗ് 28 - ജിപിഒ, ന്യൂ ഡൽഹി - 110001.

ഈ-മെയിൽ അയക്കാൻ : feedback@sbicard.com

4. വീഴ്ച വരുത്തൽ

പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ സമയാസമയങ്ങളിൽ കാർഡുടമക്ക് കാർഡ് അക്കൗണ്ടിലെ കുടിശിക അടച്ചു തീർക്കാൻ പോസ്റ്റ്, ടെലിഫോൺ, ഈമെയിൽ, എസ് എം എസ് സന്ദേശം എന്നിവ വഴി റിമൈന്റർ അയക്കുകയും അതോടൊപ്പമോ അല്ലെങ്കിലോ ഒരു

മൂന്നാം കക്ഷിയെ കാർഡുടമയെ തുടർന്ന് ബന്ധപ്പെടാനും കുടിശ്ശിക പിരിച്ചെടുക്കാനും ഏർപ്പെടുത്തുന്നതുമാണ്. ഇതിനായി നിയമിക്കപ്പെടുന്ന മൂന്നാംകക്ഷി കടം പിരിച്ചെടുക്കുന്നതു സംബന്ധിച്ച പെരുമാറ്റച്ചട്ടം പൂർണമായും പാലിച്ചിരിക്കണം.

പ്രൈമറി കാർഡുടമ പാപ്പരാകുകയോ മരണപ്പെടുകയോ ചെയ്താൽ കാർഡ് അക്കൗണ്ടിലെ മൊത്തം കുടിശ്ശികയും അതോടൊപ്പം ബാധകമായതും എന്നാൽ അതുവരെ ചുമത്തെപ്പെട്ടിട്ടില്ലാത്തതുമായ ചാർജുകളുണ്ടെങ്കിൽ അവയും ചേർന്ന തുക ഉടൻ അടക്കേണ്ടതാണ്. മാത്രമല്ല, ഉടനടി കാർഡ് അക്കൗണ്ട് റദ്ദാക്കപ്പെടുകയും ചെയ്യും. പ്രൈമറി കാർഡുടമയുടെ സ്വത്തവകാശികൾക്കായിരിക്കും കാർഡ് അക്കൗണ്ടിലെ കുടിശ്ശിക അടച്ചുതീർക്കാനുള്ള ഉത്തരവാദിത്തം. അത്തരം കുടിശ്ശിക വീണ്ടെടുക്കാൻവേണ്ട ചെലവുകളും നിയമനടപടികളുടെ ഫീസും അടക്കം എല്ലാ ചെലവുകളും അവർ SBICPSL ന് തിരിച്ചടക്കേണ്ടതാണ്. അത്തരം കുടിശ്ശിക തിരിച്ചടയ്ക്കാതെ ഇരുന്നാൽ SBICPSL ന് അതിന്റെ ബാധകമായ നിരക്കുകൾ അനുസരിച്ചുള്ള ഫൈനാൻസ് ചാർജുകൾതുടർന്നും ചുമത്താൻ അവകാശമുണ്ട്.

5. കാർഡുടമാവകാശം അവസാനിപ്പിക്കൽ/റദ്ദാക്കൽ

a. SBICPSL ന് എഴുതുകയോ അല്ലെങ്കിൽഎസ് ബി ഐ കാർഡ് ഹെൽപ്ലൈനിൽ വിളിച്ചറിയിക്കുകയോ ചെയ്തുകൊണ്ടും കാർഡ്(കൾ) കോണോടു കോൺമുറിക്കുകയും ചെയ്തുകൊണ്ട് ഏതുസമയത്തും കാർഡുടമക്ക് കരാർ അവസാവിപ്പിക്കാം. രേഖാമൂലമായ അപേക്ഷയിന്മേൽ ആഡ്-ഓൺകാർഡുകളടക്കം എല്ലാകാർഡുകളും അസാധുവാക്കാം. കാർഡ് അക്കൗണ്ടിൽകുടിശ്ശികയുള്ള മുഴുവൻതുകയും തിരിച്ചടച്ചശേഷം അസാധുവാക്കൽ പ്രാബല്യത്തിൽവരും. പ്രോ-റാറ്റാ അടിസ്ഥാനത്തിൽ വാർഷിക, പ്രവേശന, പുതുക്കൽഫീസുകൾ തിരിച്ച് നൽകുന്നതല്ല.

b. SBICPSL ന് അതിന്റെ ബിസിനസിന് ആവശ്യമാണെന്ന് യുക്തമാംവിധം ബോധ്യം വരുകയാണെങ്കിലോ അല്ലെങ്കിൽ സുരക്ഷാകാരണം കൊണ്ടോ നിയമം നടപ്പാക്കാൻബാധ്യസ്ഥമായ ഏതെങ്കിലും ഏജൻസിയുടെ അഭ്യർത്ഥന പ്രകാരമോ രണ്ടുകൊണ്ടുമോ, ഏതെങ്കിലും സർക്കാർ അധികാര സ്ഥാപനത്തിന്റെ ആവശ്യപ്രകാരമോ അല്ലെങ്കിൽ SBICPSL നും അതിന്റെ കസ്റ്റമർക്കും ബാധകമായ നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ചോ രണ്ടുകൊണ്ടുമോ SBICPSL ന് മുൻകൂർനോട്ടീസ് നൽകാതെ ഏതു സമയത്തും കാർഡുടമയുടെ അക്കൗണ്ട് തടയാനോ റദ്ദാക്കാനോ സസ്പെൻഡ് ചെയ്യാനോ അധികാരമുണ്ട്.

കാർഡുടമ പണം അടയ്ക്കുന്നതിൽ വീഴ്ചവരുത്തുകയോ ക്രഡിറ്റ് പരിധി മറികടക്കുകയോ ചെയ്താൽ SBICPSL ന് ക്രെഡിറ്റ് കാർഡ് സൗകര്യം സസ്പെന്ഡ് ചെയ്യാവുന്നതാണ്. കരാർ അവസാനിച്ച ശേഷമോ കാർഡ് അക്കൗണ്ട് ഉപയോഗം സസ്പെൻഡ് ചെയ്ത കാലയളവിലോ കാർഡ് ഉപയോഗിക്കാൻ പാടില്ല.

c. അത്തരം ഒരു സാഹചര്യത്തിൽ കാർഡ് ഉടമ (ഏത് വീഴ്ചയ്ക്കും അല്ലെങ്കിൽ നിയമപ്രകാരം ആവശ്യമായ മറ്റ് അറിയിപ്പിനും വിധേയമായി) അക്കൗണ്ടിലെ മൊത്തം കുടിശ്ശിക ഉടനടി SBICPSL - ന് അടച്ചിരിക്കണം. ഇതിൽകരാർ പ്രകാരം SBICPSL - ന് നൽകാനുള്ള എല്ലാ തുകകളും, ഇതുവരെ ചാർജ്ജ് ചെയ്യാത്ത എല്ലാ ഇടപാടുകളും മറ്റു തുകകളും ഉൾപ്പെടുന്നു. അടക്കേണ്ടതായ എല്ലാ തുകകളും അടച്ചുതീർക്കുന്നതുവരെ കാർഡ് ഉടമയുടെ അക്കൗണ്ട് ക്ളോസ് ചെയ്തതായി കണക്കാക്കുകയില്ല.

6. കാർഡ് നഷ്ടപ്പെടൽ/മോഷണം പോകൽ/ദുരുപയോഗം ചെയ്യൽ

a. പ്രൈമറി ക്രെഡിറ്റ് കാറ്ഡോ അഡീഷണൽ കാറ്ഡോ കാണാതാവുകയോ നഷ്ടപ്പെടുകയോ മോഷണം പോകുകകയോ കേട് വരികയോ കൃത്യസമയത്ത് കാർഡ് ലഭിക്കാതിരിക്കുകയോ കാർഡ് ഉടമയുടെ അനുവാദമില്ലാതെ മറ്റാരെങ്കിലും അത് ഉപയോഗിക്കുന്നുണ്ടെന്ന് സംശയിക്കുകയോ ചെയ്യുമ്പോൾ കാർഡ് ഉടമ എസ് ബി ഐ കാർഡ് ഹെൽപ് ലൈൻ വഴി വിവരം SBICPSL നെ അറിയിച്ചിരിക്കണം. ഒരു തവണ കാർഡ് നഷ്ടപ്പെട്ടതായി അറിയിച്ചാൽ

പിന്നീട് കണ്ടുകിട്ടിയാലും യാതൊരു കാരണവശാലും കാർഡ് ഉപയോഗിക്കരുത്. മാത്രമല്ല കാർഡ് കോണോടു കോൺ രണ്ടായി മുറിക്കുകയും വേണം.

- കാർഡ് നഷ്ടപ്പെട്ടാൽ കാർഡ് ഉടമയ്ക്ക് ഉടൻ ഐവിആർ -ലോ ഞങ്ങളുടെ വെബ്സൈറ്റായ www.sbicard.com ലോ പോകുകയോ എസ്എംഎസ് അധിഷ്ഠിത സേവനം ഉപയോഗിക്കുകയോ ചെയ്ത് കാർഡ് ബ്ളോക്ക് ചെയ്യാവുന്നതാണ്.

- നഷ്ടപ്പെട്ട/ മോഷ്ടിക്കപ്പെട്ട കാർഡ് ബ്ളോക്ക് ചെയ്യാൻ നിങ്ങളുടെ റജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽനിന്ന് 5676791 എന്ന നമ്പറിലേക്ക് ബ്ലോക് XXXX എന്ന് SMS ചെയ്യുക (XXXX= നിങ്ങളുടെ കാർഡ് നമ്പറിന്റെ അവസാന 4 അക്കങ്ങൾ). നിങ്ങളുടെ അപേക്ഷയ്ക്ക് ശേഷം 5 മിനിറ്റിനുള്ളിൽ സ്ഥിരീകരണ എസ്എംഎസ് ലഭിച്ചില്ലെങ്കിൽ കാർഡ് ബ്ളോക്ക് ചെയ്തതായി കരുതരുത്. നിങ്ങളുടെ കാർഡ് ഉടൻബ്ലോക്ക് ചെയ്യാനും അതിന്റെ ദുരുപയോഗം തടയാനും ദയവായി ഹെൽപ്ലൈനിൽ വിളിക്കുക.

b. കാർഡ് നഷ്ടപ്പെട്ടാൽ അത് SBICPSL -ന് റിപ്പോർട്ട് ചെയ്യപ്പെടുനതിനുമുമ്പ് എന്തെങ്കിലും ഇടപാട് കാർഡ് അക്കൌണ്ടിൽ നടന്നിട്ടുണ്ടെങ്കിൽ SBICPSL -ന് അതിൽ ബാധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുകയില്ല. അതിന്റെ എല്ലാ ഉത്തരവാദിത്തവും കാർഡുടമയ്ക്കായിരിക്കും. കാർഡ് നഷ്ടപ്പെട്ടതിന്റെ ശരിയായ നോട്ടിഫിക്കേഷൻ SBICPSL -ന് ലഭിച്ചശേഷം കാർഡുടമയുടെ തുടർന്നുള്ള ബാധ്യത ഏറ്റവും കൂടിയത് 1000 രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു (എസ് ബി ഐ ഗോൽഡ് കാർഡുടമകൾക്ക് ഒന്നുമില്ല). കാർഡ് നഷ്ടപ്പെട്ട വസ്തുത SBICPSL നെ അറിയിക്കുന്നതു കൂടാതെ കാർഡ് (കൾ) മോഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് പൊലീസിനെ അറിയിക്കുകയും എഫ് ഐ ആർറജിസ്റ്റർ ചെയ്യുകയും വേണം. ആരെങ്കിലും കാറ്ഡോ പിൻനമ്പറോ കാർഡുടമയുടെ അല്ലെങ്കിൽ അഡീഷണൽ കാർഡിന്റെ ഉടമയുടെ അനുമതിയോടെ കൈക്കലാക്കുകയും ദുരുപയോഗം ചെയ്യുകയും ചെയ്താൽ അതുമൂലമുണ്ടാകുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്തം കാർഡുടമയായിരിക്കും.

c. കാർഡുടമ വഞ്ചനാപരമായി പെരുമാറുകയാണെങ്കിൽ എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദി കാർഡുടമ തന്നെയായിരിക്കും. കാർഡുടമ വേണ്ടത്ര ശ്രദ്ധയില്ലാതെ പ്രവർത്തിച്ചാൽ അതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കും കാർഡുടമതന്നെ ഉത്തരവാദിയാകും. SBICPSL നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മുൻകരുതലുകള് പാലിക്കുന്നതിൽ കാർഡുടമ വീഴ്ചവരുത്തിയാൽ ഇത് ബാധകമാകുന്നതാണ്.

d. കാർഡിന്റെ നഷ്ടമോ മോഷണമോ അല്ലെങ്കിൽ കാർഡിന്റെയോ പിൻ ന്റെയോ ദുരുപയോഗമോ സംബന്ധിച്ച് പ്രസക്തമെന്ന് SBICPSL കരുതുന്ന ഏത് വിവരവും പൊലീസിനോ ബന്ധപ്പെട്ട മറ്റ് അധികാരികൾക്കോ കാർഡുടമയേയോ അഡീഷണൽകാർഡുടമയേയോ അറിയിക്കാതെ തന്നെ SBICPSL ന് നല്കാവുന്നതാണ്.

e. നിങ്ങളുടെ ക്രെഡിറ്റ്കാർഡ് അക്കൌണ്ടിന്റെ ബന്ധപ്പെടാനുള്ള വിവരങ്ങളിലെ മാറ്റങ്ങള് സിസ്റ്റത്തിലുള്ള നിങ്ങളുടെ പുതിയതും തൊട്ടുമുമ്പുള്ളതുമായ ബന്ധപ്പെടാനുള്ള വിലാസത്തിൽ അറിയിക്കുന്നതായിരിക്കും. ഞങ്ങളുടെ റിക്കാർഡുകളിൽ നിങ്ങളെ ബന്ധപ്പെടാനുള്ള വിവരങ്ങള് അപ്ഡേറ്റ് ചെയ്തിരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

8. വെളിപ്പെടുത്തൽ

കാർഡുടമയുടെ വിവരങ്ങൾ നിലവിലുള്ളതോ ഭാവിയിലേയോ ക്രെഡിറ്റ് ബ്യൂറോകൾക്ക് കാർഡുടമയെ അറിയിക്കാതെ തന്നെ പങ്കുവെക്കാൻ SBICPSL നെ അധികാരപ്പെടുത്തിയതായും അത്തരം വിവരങ്ങൾ കാർഡുടമയുടെ ക്രിയാത്മകമോ നിഷേധാത്മകമോ ആയ പ്രകടനം/ വീഴ്ച സംബന്ധിച്ചതാകാമെന്നും കാർഡുടമ അംഗീകരിച്ചിരിക്കുന്നു. അത്തരം അപ്ഡേറ്റുകൾ ക്രെഡിറ്റ് ബ്യൂറോ റിപ്പോട്ടിൽ പ്രതിഫലിക്കാൻ 45-60 ദിവസങ്ങൾ എടുത്തേക്കാം.

ഇന്ത്യയിലെ സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനവും സുസ്ഥിരതയും മെച്ചപ്പെടുത്താനായി ഇന്ത്യാസർക്കാരും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും (ആർബി ഐ) ചേർന്ന് രൂപം നൽകിയ സംരംഭമാണ് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ ഓഫ് ഇന്ത്യ ലിമിറ്റഡ് (സി ഐ ബി ഐ എൽ). ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും തമ്മിൽ വിവരങ്ങൾ കൈമാറുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനും അതുവഴി കാർഡുടമകൾക്ക് വിവിധ സ്ഥാപനങ്ങളിൽനിന്ന് കൂടുതൽമികച്ച ക്രെഡിറ്റ് വ്യവസ്ഥകൾലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആർബി ഐ യുടെ പരിശ്രമത്തിനനുസൃതമാണിത്.

കൂടാതെ കാർഡുടമ പണമടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതടക്കമുള്ള വിവരങ്ങൾ സാമ്പത്തിക സ്ഥാപനം, തൊഴിലുടമ, SBICPSL ഏറ്റ്പ്പെടുത്തിയ മറ്റ് മൂന്നാം കക്ഷികൾ എന്നിവരുമായി കാർഡ് അക്കൌണ്ടുകളുടെ ശരിയായ പരിപാലനത്തിനും സൂക്ഷ്മ പരിശോധനക്കും മറ്റ് നിർവഹണപരമായ സേവനങ്ങൾക്കുമായി പങ്കുവെക്കാൻ SBICPSLനെ അധികാരപ്പെടുത്തിയതായി കാർഡുടമ അംഗീകരിക്കുന്നു.

SBICPSL-ന്റെയോ അതിന്റെ ഗ്രൂപ്പ്കമ്പനികളുടേയോ സബ്സിഡിയറികളുടേയോ അഫിലിയേറ്റുകളുടേയോ അല്ലെങ്കിൽ അസോസിയേറ്റുകളുടേയോ രണ്ടിന്റെയുമോ വിവിധ ഉല്പന്നങ്ങളുടെ വിപണനആവശ്യത്തിനായി കാർഡുടമയുടെ വിവരങ്ങൾ അതിന്റെ മാതൃസ്ഥാപനവുമായോ സബ്സിഡിയറി, അഫിലിയേറ്റ് അല്ലെങ്കിൽ അസോസിയേറ്റ് സ്ഥാപനങ്ങളുമായോ പങ്കുവെക്കുന്നതിന് SBICPSL അധികാരപ്പെടുത്തിയതായും കാർഡുടമ അംഗീകരിക്കുന്നു.

എസ്ബിഐ യുടെ ഏറ്റവും പ്രധാന വ്യവസ്ഥകളും നിബന്ധനകളും www.sbicard.com-ലും ലഭ്യമാണ്

1. **ചാർജുകളുടെ പട്ടിക**

ഫീസ്	
പ്രവേശനഫീസ് (ഒരുതവണ)	4999രൂ.വരെ
വാർഷിക ഫീ (വർഷത്തിൽ)	4999രൂ.വരെ
ആഡ്ഓൺഫീ (വർഷത്തിൽ)	ഇല്ല.
ക്രെഡിറ്റ് കാലാവധി	
പലിശയില്ലാത്തക്രെഡിറ്റ് കാലയലവ്	20-50 ദിവസങ്ങൾ (മുൻമാസത്തെ കുടിശ്ശിക ബാക്കി മുഴുവനായി അടച്ചിട്ടുണ്ടെങ്കിൽ റീടെയ്ൽ പര്ചേസിനുമാത്രം ബാധകം)
ഫൈനാൻസ് ചാർജുകള്#	ട്രാന്സാക്ഷന്തീയതിമുതല് പ്രതിമാസം 3.35% വരെ. (40.2% പ്രതിവർഷം.)
അടക്കേണ്ട മിനിമംതുക	മൊത്തംകുടിശ്ശികയുടെ5% (മിനിമം 200രൂ.) +എല്ലാബാധക നികുതികളും+ ഇഎംഐ (ലോണ് എടുത്തെങ്കിൽ)
കാഷ്അഡ്വാൻസ്	
കാഷ്അഡ്വാൻസ് പരിധി	ക്രെഡിറ്റ് പരിധിയുടെ 80% വരെ (ഗോള്ഡ്, ടൈറ്റാനിയത്തിനും കൂടിയത് 12K / ദിവസം&പ്ലാറ്റിനം, സിഗ്നേച്ചർ കാർഡുകള്ക്ക് 15K / ദിവസം)
സൌജന്യക്രെഡിറ്റ്കാലയളവ്	ഇല്ല
ഫൈനാൻസ് ചാർജുകള്#	പിൻവലിച്ച തീയതി മുതൽ (പ്രതിമാസം 3.35% വരെ. (40.2% പ്രതിവർഷം.)
കാഷ്അഡ്വാന്സ്ഫീസ്	
എസ്ബി ഐ എറ്റിഎം/മറ്റ് ആഭ്യന്തര എറ്റിഎം	2.5% - മിനിമം 300രൂ.
അന്താരാഷ്ട്ര എറ്റിഎം	3.0% - മിനിമം300രൂ.
മറ്റ് ചാർജുകളും ഫീസുകളും	

കാഷ്ഒടിസി100 രൂ.	100രൂ.
ചെക്ക് പിക്കപ്	90രൂ.
ചെക്ക് ബൌണ്സ്/അസാധുവായ ചെക്ക്	ചെക്ക് തുകയുടെ2% (മിനിമം 350രൂ,& മാക്സിമം 500രൂ.)
സ്റ്റേറ്റ്മെന്റ് റിട്രീവൽ	സ്റ്റേറ്റ്മെന്റ് ഒന്നിന്100 രൂ. (>2 മാസം പഴയത്)
ചാർജ് സ്ലിപ് റിട്രീവൽ	സ്ലിപ് ഒന്നിന്225രൂ.
ലേറ്റ് പേമെന്റ്	0 രൂപമുതൽ -.200 രൂപവരെ ചാർജുകള് ഇല്ല.
	മൊത്തം അടക്കേണ്ട തുക 200 രൂപയിൽ അധികവും 500 വരേയുമാണെങ്കിൽ 100 രൂപ;;
	മൊത്തം അടക്കേണ്ട തുക 500 രൂപയിൽ അധികവും 1000 വരേയുമാണെങ്കിൽ 200 രൂപ;;
	മൊത്തം അടക്കേണ്ടതുക 1000 രൂപയിൽ അധികവും 10000 വരേയുമാണെങ്കിൽ 500 രൂപ;;
	മൊത്തം അടക്കേണ്ടതുക 10,000 രൂപയിൽ അധികമാണെങ്കിൽ 750 രൂപ;
ഓവർ ലിമിറ്റ്	ഓവർ ലിമിറ്റ് തുകയുടെ2.5% (മിനിമം. 500രൂ.)
കാർഡ് പുന:സ്ഥാപനം	100രൂ.
അടിയന്തരകാർഡ് പുന: (വിദേശത്ത്)	സ്ഥാപനം യഥാർത്ഥ ചെലവ് (മിനിമം. $175)
വിദേശ കറൻസി ട്രാൻസാക്ഷൻ	കണ്വർഷൻ മാർക്ക് അപ്: 3.5%
റിവാർഡ് വീണ്ടെടുക്കൽ ഫീ	99രൂ.
സർചാർജ്	
റെയിൽ വേടിക്കറ്റ്-റെയിൽ വേകൌണ്ടറുകള്	30രൂ. + ട്രാൻസാക്ഷൻ തുകയുടെ2.5%
റെയിൽ വേടിക്കറ്റ് - www.irctc.co.in	ട്രാൻസാക്ഷൻ തുകയുടെ1.8% + ബാധകമായ സർവീസ് ചാർജ്
പെട്രോള് & വില്ക്കപ്പെടുന്ന എല്ലാ ഉല്പന്നങ്ങളും സേവനങ്ങളും	2.5% സർചാർജ് ഇളവ് (ബാധകമായ എല്ലാനികുതികളും+ മറ്റ്ചാർജുകളും ഒഴികെ) സിഗ്നേച്ചർ & പ്ലാറ്റിനം കാർഡുകൾക്ക് 500രൂപക്കും 4000രൂപക്കും ഇടയിൽ ഒറ്റ ഇടപാടിന് ചെലവഴിക്കുമ്പോള്; മറ്റെല്ലാ കാർഡുകള്ക്കും 500 രൂപക്കും 3000 രൂപക്കും ഇടയിൽ ചെലവഴിക്കുമ്പോള്
	സിഗ്നേച്ചർ & പ്ലാറ്റിനം കാർഡുകള്ക്ക് ഓരോ ക്രെഡിറ്റ് കാർഡിന്റെയും ഓരോ സ്റ്റേറ്റ്മെന്റ് സൈക്കിളിനും 250രൂ. മാക്സിമം സർചാർജ് ഇളവ്. മറ്റെല്ലാ കാർഡുകൾക്കും ക്രെഡിറ്റ് കാർഡ് അക്കൌണ്ടിന് 100 രൂ. വീതം
	സിഗ്നേച്ചർ & പ്ലാറ്റിനം കാർഡുകള്ക്ക് 500 രൂപക്കും 4000 രൂപക്കും ഇടയിൽ ഇടപാടിന് ചെലവഴിക്കുമ്പോള് (മിനിമം10രൂ) 2.5% സർചാർജ് ഇളവ്; മറ്റെല്ലാ കാർഡുകള്ക്കും 500 രൂപക്കും 3000 രൂപക്കും ഇടയിൽ
കസ്റ്റംസ് ഡ്യൂട്ടിപേമെന്റ് ട്രാസാക്ഷൻസ്	തുകയുടെ 2.25% (മിനിമം.75രൂ.)

മുകളിൽ കൊടുത്ത എല്ലാ ഫീസുകള്ക്കും പലിശക്കും ചാർജുകള്ക്കും ബാധകമായ എല്ലാനികുതികളും ചുമത്തുന്നതാണ്.

കാർഡുടമയുടെ കാർഡ് അക്കൌണ്ടിലേക്ക് അടയ്ക്കുന്നതുക യഥാക്രമം മിനിമം അടക്കേണ്ടതായതുക (എല്ലാ ബാധകമായ നികുതികളും ലോണ് പ്ലാനുകളുടെ ഇഎംഐ യും മൊത്തം കുടിശ്ശികയുടെ 5% അടക്കം), ഫീസും മറ്റ് ചാർജുകളും, പലിശ ചാർജുകള്, ബാലൻസ് ട്രാൻസ്ഫർ കുടിശ്ശിക, പര്ചേസ് കുടിശ്ശിക, കാഷ്അഡ്വാൻസ് എന്നിവയിലേക്ക് വരവ് വയ്ക്കും.*

*

#കാർഡ് ഫൈനാൻസ് ചാർജ് മാറിക്കൊണ്ടിരിക്കും. അത് കാർഡുടമയുടെ കാർഡ് ഉപയോഗത്തിന്റേയും പണമടയ്ക്കലിന്റേയും രീതിയെ അടിസ്ഥാനമാക്കി നിർണയിക്കുന്നതും നിശ്ചിതകാലയളവുകളിലെ അവലോകനത്തിന് വിധേയവുമായിരിക്കും